23/7/21 EKm



# ഴി സെപ്റ്റംബറിൽ

റിയന്ത്രണം വേണ്ടി
ഹചര്യത്തിനാണ്
രിഹാരമാകുന്നത്.
ാപ്പാറ സബ് സ്റ്റേഷ
ുള്ള ഏഴ് ഫീഡറുക
രണവശാലും വൈ
നേരിടില്ല. നിലവിൽ
സബ് സ്റ്റേഷനിൽനി
കാടുങ്ങല്ലൂരിലേക്ക്
എത്തിക്കുന്നത്.
വർഷം മുമ്പ് പദ്ധതി
യങ്കിലും നിരവധി നി
ദാംമൂലം നടപ്പാക്കാ
ുവിൽ കെ.എസ്.ഇ
ട്...സ് ഗ്രിഡ് പദ്ധ
...ുത്തി കിഫ്ബി
കാടി രൂപയുടെ സാ
ഹായത്തോടെയാ
ർഷം മുമ്പ് പദ്ധതി
ാംഭിച്ചത്.
ലക്കുട കോലോത്തും
സബ് സ്റ്റേഷനിൽനി
ലാമീറ്റർ ദൂരമുള്ള ചാ
ട് 220-110 കെ.വി. പ്ര
ലനിൽ 50 മീറ്ററിലധി
ള്ള അത്യാധുനികരീ

തിയിലുള്ള 55 ടവറുകളും മറ്റു സംവിധാനങ്ങളുമൊരുക്കി ലാർസെൻ ആൻഡ് ടൂബ്രോ കമ്പനിയാണ് പദ്ധതി നടപ്പാക്കുന്നത്.

ചാപ്പാറ സബ് സ്റ്റേഷനിൽ നിന്നും ആലുവയിലേക്കുള്ള 220-110 കെ.വി. പ്രസരണ ലൈനിൻെറ കരാർ ജോലികൾ പൂർത്തിയായി. കെ.എസ്.ഇ.ബി.യുടെ സൗത്ത്-സെൻട്രൽ-നോർത്ത് റീജനുകളെ ബന്ധിപ്പിക്കുന്ന ആലുവ തിരൂർ വരെയുള്ള തീരദേശ വൈദ്യുതി പാതയും നിൽവിൽവരും.

ഇതിൻെറ ഭാഗമായാണ് കൊടുങ്ങല്ലൂരിലും കൂടുതൽ ഫീഡറുകളുടെ കണക്റ്റിവിറ്റി ലഭ്യമാകുന്നത്. ഇതിന് പുറമേ, ഇരിങ്ങാലക്കുട സബ് സ്റ്റേഷൻ 220 കെ.വി. ആകുന്നതോടെ കൊടുങ്ങല്ലൂർ, മതിലകം, പെരിഞ്ഞനം, മൂന്നുപീടിക, കയ്പമംഗലം, ചെന്ത്രാപ്പിന്നി, കാട്ടൂർ, എടമുട്ടം തുടങ്ങി ജില്ലയിലെ മുഴുവൻ തീരദേശത്തും വൈദ്യുതി തട്സ്സമില്ലാതെ എത്തിക്കാനാകും.

## നാലുദിവസം വൈദ്യുതി മുടങ്ങും

**കൊടുങ്ങല്ലൂർ ▸** പ്രസരണ ലൈനിൻെറ അവസാനഘട്ടജോലികളുടെ ഭാഗമായി 26 മുതൽ 29 വരെയുള്ള ദിവസങ്ങളിൽ ചാപ്പാറ സബ് സ്റ്റേഷനിൽനിന്നുള്ള വൈദ്യുതി വിതരണം പൂർണമായും തടസ്സപ്പെടും. പകൽ ഭാഗികമായും രാവിലെയും വൈകിട്ടും കൊടുങ്ങല്ലൂർ നമ്പർ ഒന്ന്, നമ്പർ രണ്ട്, പുത്തൻചിറ, എറിയാട്, മതിലകം തുടങ്ങിയ സെക്ഷൻ പരിധിയിലും വൈദ്യുതി വിതരണം തടസ്സപ്പെടും.

## മറച്ച കടമുറികൾ ഏറ്റെടുത്തു

# ാതെ പൊളിക്കും

മാള വിട്ടതിനുശേഷം
ർഷം വരെ സിനഗോ
ണിൽനിന്നായിരുന്നു
. ...ാൽ, റോഡി
ർന്നുള്ള സ്ഥലം വില
ും കൈയേറിയും കട
യർന്നു. റോഡിൻെറ
ം കടമുറികൾ ഉയർന്ന
നഗോഗ് ദൃഷ്ടിയിൽനി
ക്കയും ചെയ്തു.
വിധിയെ തുടർന്ന് വട
ുണ്ടായിരുന്ന പഞ്ചാ
 കടമുറികൾ വർഷ
ുമ്പേ പൊളിച്ചുമാറ്റി
എന്നാൽ, മുൻഭാഗ
കടമുറികൾ ഏറ്റെടു
ന്തിരേ വ്യാപാരികളു

ടെ ഭാഗത്തുനിന്ന് കടുത്ത എതിർപ്പ് ഉയരുകയും ചെയ്തു. ഭൂമി അളക്കാനെത്തിയവരെ തടയുകയും പ്രതിഷേധവുമായി വ്യാപാരികൾ രംഗത്തെത്തുകയും ചെയ്തിരുന്നു. കോടതിയെ സമീപിച്ചുവെങ്കിലും അനുകൂലവിധി ലഭിക്കാതായതോടെ വ്യാപാരികൾ കടമുറികളൊഴിയുവാൻ തയ്യാറാകുകയായിരുന്നു.

ഭൂവുടമസ്ഥും കച്ചവടം നടത്തുന്നവർക്കുമായി 90 ലക്ഷത്തോളം രൂപ നഷ്ടപരിഹാരമായി വിതരണം ചെയ്യുകയും ചെയ്തു. കടമുറികളുടെ സിംഹഭാഗവും നേരത്തെ റോഡ് വീതികൂട്ടുന്നതിനായി ഏറ്റെടുത്തിരുന്നു. ഒന്നര മീറ്ററോളം വീതി മാത്രമാണ് കടമുറികൾക്ക് അവശേഷിച്ചിരുന്നത്.

വ്യാഴാഴ്ച റവന്യൂ അധികൃതരെത്തി കടമുറികൾ ഏറ്റെടുത്ത് മുസിരിസ് അധികൃതർക്ക് കൈമാറി. കടമുറികളുടെ താഴുകൾ മാറ്റി പുതിയവ മുസിരിസ് അധികൃതർ സ്ഥാപിക്കുകയും ചെയ്തു.

മാളയുടെ യഹൂദ ചരിത്രം വിളിച്ചോതുന്ന മുഖമുദ്രയായി സിനഗോഗിനെ മാറ്റുകയാണ് ലക്ഷ്യം.

അടുത്ത ദിവസങ്ങളിൽ പൊളിച്ചുമാറ്റുന്നിടത്തെ നിർമിതിയുടെ രൂപരേഖ തയ്യാറാക്കാൻ ആർക്കിടെക്ട് എത്തുമെന്ന് മുസിരിസ് പ്രോജക്ട്സ് എം.ഡി. പി.എം. നൗഷാദ് പറഞ്ഞു.

## കൊരട്ടി നൈപുണ്യ ജേതാക്കൾ



▶ പൊങ്ങം നൈപുണ്യ കോളേജിൽ നടന്ന നെറ്റ്ബോൾ ചാമ്പ്യൻഷിപ്പിൽ ജേതാക്കളായ നൈപുണ്യ കോളേജ്

**കൊരട്ടി ▸** കാലിക്കറ്റ് സർവകലാശാല ഇൻറർകൊളീജിയറ്റ് പുരുഷ വിഭാഗം നെറ്റ്ബോൾ ചാമ്പ്യൻഷിപ്പിൽ കൊരട്ടി നൈപുണ്യയും വനിതാ വിഭാഗത്തിൽ കൊടകര സഹൃദയയും ജേതാക്കളായി. പുരുഷ വിഭാഗത്തിൽ ക്രൈസ്റ്റ് കോളേജ് ഇരിങ്ങാലക്കുട രണ്ടാം സ്ഥാനവും കൊടകര സഹൃദയ മൂന്നാംസ്ഥാനവും നേടി. വനിതാ വിഭാഗത്തിൽ ആതിഥേയരായ നൈപുണ്യയ്ക്ക് രണ്ടാംസ്ഥാനവും ക്രൈസ്റ്റ് കോളേജിന് മൂന്നാംസ്ഥാനവും ലഭിച്ചു. കൊരട്ടി നൈപുണ്യ കോളേജിലാണ് മത്സരം സംഘടിപ്പിച്ചത്. സർവകലാശാല ഫിസിക്കൽ എജ്യുക്കേഷൻ ഡെപ്യൂട്ടി ഡയറക്ടർ ഡോ.എം.ആർ. ദിനു മത്സരങ്ങളുടെ ഉദ്ഘാടനം നിർവഹിച്ചു. കോളേജ് പ്രിൻസിപ്പൽ ഫാ.കെ.ജെ. പോളച്ചൻ അധ്യക്ഷനായി.

## വെറ്റിലപ്പാറയിൽ ചെക്പോസ്റ്റ് പ്രവർത്തനം തുടങ്ങി

**വെറ്റിലപ്പാറ ▸** അതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറ പാലത്തിനു സമീപം ചെക് പോസ്റ്റിൻെറ പ്രവർത്തനം പുനരാരംഭിച്ചു. ലോക്ക്ഡൗൺ ഇളവുകളെത്തുടർന്ന് ആഴ്ചകൾക്ക് മുൻപ് ഈ ചെക്പോസ്റ്റ് പ്രവർത്തനം നിർത്തിയിരുന്നു.എന്നാൽ, കോവിഡ് വ്യാപനത്തെ തുടർന്ന് ടി.പി.ആർ. നിരക്ക് കൂടിയതിനാൽ സമീപ പഞ്ചായത്തുകൾ ഡി കാറ്റഗറിയിൽ വന്നതോടെയാണ് വ്യാഴാഴ്ച പ്രവർത്തനം പുനരാരംഭിച്ചത്. പോലീസും വനപാലകരുമാണ് ചെക്പോസ്റ്റിൽ പരിശോധനയ്ക്കുള്ളത്.

വിനോദ സഞ്ചാര കേന്ദ്രങ്ങൾ തുറന്നില്ലെങ്കിലും കനത്ത മഴയെ തുടർന്ന് അതിരപ്പിള്ളി,വാഴച്ചാൽ,ചാർപ്പ വെള്ളച്ചാട്ടങ്ങളും പുഴയും നിറഞ്ഞൊഴുകിയതോടെ നിരവധി വിനോദസഞ്ചാരികളാണ് അതിരപ്പിള്ളി മേഖലയിലേക്കെത്തുന്നത്. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് തുറന്ന റിസോട്ടുകളിൽ താമസത്തിനെത്തുന്ന സന്ദർകർക്ക് റിസോട്ടുകളിലേക്ക് പ്രവേശനം അനുവദിക്കുന്നുണ്ട്. എന്നാൽ, സഞ്ചാരികൾക്ക് വിനോദസഞ്ചാര മേഖലയിലേക്ക് വിലക്ക് ഏർപ്പെടുത്തിയിട്ടുള്ളതിനാൽ വിനോദസഞ്ചാരികളെ ചെക്പോസ്റ്റിൽ തടഞ്ഞ് തിരിച്ചയക്കുകയാണ് ചെയ്യുന്നത്.

## വാക്സിൻ അനുവദിക്കണം




**ചായ്പൻകുഴി ▸** കോടശ്ശേരി പഞ്ചായത്തിൽ കോവിഡ് വ്യാപനം രൂക്ഷമായതിനാൽ വാക്സിനേഷൻ നൽകുന്നതിന് അടിയന്തരനടപടികൾ സ്വീകരിക്കണമെന്ന് ചായ്പൻകുഴി വർണം എൽഡേഴ്സ് അസോസിയേഷൻ ആവശ്യപ്പെട്ടു. ആദ്യ ഡോസ് എടുത്തവർക്ക് നൂറുദിവസം കഴിഞ്ഞിട്ടാണ് രണ്ടാംഘട്ട വാക്സിൻ ലഭിക്കുന്നത്. ഇനിയും വാക്സിൻ എടുക്കാത്തവർ നിരവധിയാണ്.പഞ്ചായത്ത് ഡി കാറ്റഗറിയിലാണ്. അതിനാൽ കൂടുതൽ വാക്സിൻ അനുവദിക്കാൻ നടപടിയെടുക്കണം. ഇതുസംബന്ധിച്ച് കേന്ദ്ര-സംസ്ഥാന ആരോഗ്യമന്ത്രിമാർക്കും എം.എൽ.എ.ക്കും നിവേദനം നൽകി. പി.എ. കൊച്ചുവറീത് അധ്യക്ഷനായി.

## വിഷയങ്ങളിലും എ പ്ലസ് നേടിയവർക്ക് അഭിനന്ദനങ്ങൾ...



1. അഭിജയ് മനോജ് 2.അഭിജിത് ഉണ്ണിക്കൃഷ്ണൻ 3.ആദർശ് ബാബു 4.അലൻ ദിലീപ് 5.അലൻ ഡിക്സൻ 6.അലൻ വർഗിസ് 7.കെ.ജെ.അലീന 8.അലിൻ റോസ് ബിജു
...ർജ് 15. ഏയ്ഞ്ചൽ ജോസ് 16.അനിറ്റ ജോഷി 17.എ.ആർ.ആർദ്ര 18.എൻ.ബി.ആര്യ 19.ആതിര ബിജു 20.ബിസ്മി ബെന്നോയ്